LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രതീഷ് കാളിയാടന്റെ സ്കൂൾ പ്രിൻസിപ്പാൾ മുഖേന സമർപ്പിച്ച അപേക്ഷ

32(2939) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിരുവങ്ങൂർ ഹയർ സെക്കന്ററി സ്കൂളിൽ 2002 മുതൽ ഹയർസെക്കന്ററി വിഭാഗം ജേർണലിസം അദ്ധ്യാപകനായി ജോലി ചെയ്തിരുന്നയും ഇപ്പോൾ തലശ്ശേരി ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ ജേർണലിസം അദ്ധ്യാപകനുമായ ശ്രീ. രതീഷ് കാളിയാടൻ സ്കൂൾ പ്രിൻസിപ്പാൾ മുഖേന കണ്ണൂർ ആർ.ഡി.ഡി.വഴി ഹയർസെക്കന്ററി ഡയറക്ടർക്ക് സമർപ്പിച്ച സമയബന്ധിത ഗ്രേഡ് ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ എന്ത് നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷ കണ്ണൂർ ആർ.ഡി.ഡി. ഓഫീസിൽ എന്ന് ലഭിച്ചുവെന്നും ഏത് സെക്ഷനാണ് കൈകാര്യം ചെയ്തുവെന്നും വ്യക്തമാക്കാമോ ; പ്രസ്തുത ഉദ്യോഗസ്ഥൻ ഈ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടി ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കി വിശദമാക്കാമോ ;

(സി) ഗ്രേഡ് സംബന്ധമായി അപേക്ഷ ലഭിച്ചാൽ സ്വീകരിക്കേണ്ട നടപടി ക്രമം എന്താണെന്നും ഈ അപേക്ഷയിന്മേൽ തീരുമാനമെടുക്കുവാൻ എത്ര സമയമെടുക്കുമെന്നും വിശദമാക്കാമോ ;

(ഡി) ശ്രീ. രതീഷ് കാളിയാടന്റെ എക്സ്സ് സർവ്വീസ് പരിശോധിക്കാൻ ആർ.ഡി.ഡി. ഓഫീസ് നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എക്സ്സ് സർവ്വീസ് പരിശോധന നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ; ഇക്കാര്യത്തിൽ കണ്ണൂർ ആർ.ഡി.ഡി. ഓഫീസ് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ; സ്വീകരിച്ച നടപടിക്രമങ്ങളുടെ കലണ്ടർ ഓഫ് കറസ്പോണ്ടൻസ് ലഭ്യമാക്കാമോ ;

(ഇ) സമയബന്ധിത ഗ്രേഡ് നൽകാത്തതിനും അകാരണമായി ഫയൽവച്ചുതാമസിപ്പിച്ചതിനും ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ;

(എഫ്) കണ്ണൂർ ആർ.ഡി.ഡി.യിൽ സമയബന്ധിത ഗ്രേഡ് സംബന്ധിച്ച് തീർപ്പ് കൽപ്പിക്കാത്ത അപേക്ഷകൾ എത്ര ; ഏതെല്ലാം അദ്ധ്യാപകരുടേതെന്ന് സ്കൂൾ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഈ അപേക്ഷകൾ ലഭിച്ചത് എന്ന് എന്നും എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തലശ്ശേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ജേർണലിസം അദ്ധ്യാപകനായ ശ്രീ. രതീഷ് കാളിയാടൻ സ്കൂൾ പ്രിൻസിപ്പാൾ മുഖേന കണ്ണൂർ ആർ.ഡി.ഡി. ഓഫീസുവഴി ഹയർസെക്കന്ററി ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ, അവ പരിഹരിക്കുന്നതിനായി ടി അപേക്ഷ ഹയർസെക്കന്ററി ഡയറക്ടർ മടക്കിയിട്ടുള്ളതാണ്. ശ്രീ. രതീഷ് കാളിയാടൻ 15-10-2012-ൽ ന്യൂനതകൾ പരിഹരിക്കുന്നതിനായി അപേക്ഷ ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും നേരിട്ട് കൈപ്പറ്റിയെങ്കിലും നാളിയുവരെ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പണം ചെയ്തിട്ടില്ല.

(ബി) ശ്രീ. രതീഷ് കാളിയാടന്റെ അപേക്ഷ കണ്ണൂർ ആർ.ഡി.ഡി. ആഫീസിൽ കിട്ടിയത് 28-3-2014-നാണ്. 25-5-2014 വരെ എ 1 സെക്ഷനാണ് പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്തിരുന്നത്. 26-5-2014-നുശേഷം എ 10 സെക്ഷനാണ് അപേക്ഷ കൈകാര്യം ചെയ്തത്. കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) അപേക്ഷകൻ സമയബന്ധിത ഹയർ ഗ്രേഡ് സംബന്ധമായ അപേക്ഷ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രിൻസിപ്പാൾ അപേക്ഷ പരിശോധിച്ച് എയ്ഡഡ് സർവ്വീസ് ഉള്ളപക്ഷം ആർ.ഡി.ഡി.യുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ഹയർസെക്കന്ററി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

1. ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷയുടെ സർവ്വീസ് സംബന്ധമായ വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും ലഭ്യമാക്കുന്നു.

2. അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും ലഭിക്കുന്ന സർവ്വീസ് വിശദാംശങ്ങൾ അപേക്ഷയിലെ വിവരങ്ങളുമായി താരതമ്യം ചെയ്യുന്നു.

3. അപേക്ഷയിൽ ന്യൂനതകൾ ഇല്ലാത്തപക്ഷം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നു. ന്യൂനതകൾ ഉള്ളപക്ഷം ആവശ്യമായ തിരുത്തലുകൾ നടത്തി പുനഃസമർപ്പണം ചെയ്യാൻ സ്കൂളിലേക്ക് അപേക്ഷ മടക്കുന്നു. അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്കാണ് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും വിശദാംശം ലഭിക്കുകയും അപേക്ഷയിൽ ന്യൂനതകൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഒരു മാസത്തിനുള്ളിൽ ഹയർസെക്കന്ററി ഡയറക്ടർ ഗ്രേഡ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഡി&ഇ) കണ്ണൂർ ആർ.ഡി.ഡി. ആഫീസ് നിലവിൽ വന്നത് 2014 ഫെബ്രുവരി 17-നുമാത്രമാണ്. 15-12-2012-ൽ ന്യൂനതകൾ പരിഹരിക്കാനായി ശ്രീ. രതീഷ് കാളിയാടൻ ഹയർസെക്കന്ററി ഡയറക്ടറിൽനിന്ന് നേരിട്ട് കൈപ്പറ്റിയ അപേക്ഷ കണ്ണൂർ ആർ.ഡി.ഡി.യിൽ ലഭിച്ചത് 28-3-2014-ൽ മാത്രമാണ്. ഇതിനുശേഷം അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ ആർ.ഡി.ഡി. ആഫീസിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതത് വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) കണ്ണൂർ ആർ.ഡി.ഡി. ആഫീസിൽ സമയബന്ധിത ഗ്രേഡുമായി ബന്ധപ്പെട്ട് ഇപ്പോൾ അപേക്ഷകൾ ഒന്നുംതന്നെ തീർപ്പാക്കാൻ ബാക്കിയില്ല.

ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

33(2940) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിപ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകർ സ്ഥിരം ജീവനക്കാരാണോ ; താൽക്കാലിക ജീവനക്കാരാണോ ; വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി പ്രകാരം 111 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം-6, കൊല്ലം-3, പത്തനംതിട്ട -ഇല്ല, ആലപ്പുഴ- 2, കോട്ടയം-5, ഇടുക്കി-15, എറണാകുളം-7, പാലക്കാട്-19, മലപ്പുറം-8, കോഴിക്കോട് -6, വയനാട് - 14, കണ്ണൂർ - 9 , കാസർഗോഡ് - 17 .

(ബി) 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിലും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകളിലും സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly